## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2024</u>      <u>10.10.2011-ൽ മറുപടിക്ക്</u>

### <u>പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ ഐ.പി.ബ്ലോക്കിന്റെ നിർമ്മാണം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.സി.കൃഷ്ണൻ : | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ പയ്യന്നൂർ ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ എൻ.ആർ.എച്ച്.എം പദ്ധതി പ്രകാരം പുതുതായി നിർമ്മിക്കുന്ന ഐ.പി.ബ്ലോക്കിന്റെ നിർമ്മാണം ഏതു ഘട്ടത്തിലാണ് ; | (എ) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ പയ്യന്നൂർ ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ എൻ.ആർ.എച്ച്.എം പദ്ധതി പ്രകാരം പുതുതായി നിർമ്മിക്കുന്ന ഐ.പി.ബ്ലോക്കിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. ഇപ്പോൾ ടി കെട്ടിടത്തിന്റെ പ്ലാസ്റ്ററിംഗ് പ്രവൃത്തികളും, ടൈൽ പ്രവൃത്തികളും നടന്നുവരുന്നു. |
| (ബി) പ്രസ്തുത കെട്ടിടത്തിന് ലിഫ്റ്റും മറ്റ് അനുബന്ധ സൗകര്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടോ ; | (ബി) പ്രസ്തുത പദ്ധതിയിൽ ലിഫ്റ്റ് ഉൾപ്പെടുത്തിയിട്ടില്ല. |
| (സി) ഇല്ലെങ്കിൽ അവ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ ? | (സി) പ്രസ്തുത കെട്ടിടത്തിന് ലിഫ്റ്റ് ഘടിപ്പിക്കുന്നതിന് ആവശ്യമുള്ള തുക ആശുപത്രി അധികൃതരോട് RSBY ഫണ്ടിൽ നിന്നും വകയിരുത്താൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് ലഭിക്കാത്ത പക്ഷം ഇതിനുവേണ്ടുന്ന തുക അടുത്ത വർഷത്തെ എൻ.ആർ.എച്ച്.എം പദ്ധതിയിൽ ആവശ്യപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ